"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല - തൃക്കരുവ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജേക്കബ് ക്ലീറ്റസ് സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.337/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 07/02/2020**

പരാമർശം:- 1 പഞ്ചായത്ത് ഡയറക്ടറുടെ 06.12.2003-ലെ ഡി7-28649/2000 നമ്പർ ഉത്തരവ്

2 റ്റിഎ.871/2013-ന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13.03.2017-ലെ വിധിന്യായം

3 സ ഉ (സാധാ)നം.2021/2018/സ്വഭവ തീയതി 24.07.2018

4 ശ്രീ. ജേക്കബ് ക്ലീറ്റസ് സമർപ്പിച്ച 05.05.2019-ലെ പുനഃപരിശോധനാ ഹർജി

## ഉത്തരവ്

കൊല്ലം ജില്ലയിലെ തൃക്കരുവ ഗ്രാമപഞ്ചായത്തിന് ഭൂമി വാങ്ങിയതിൽ പഞ്ചായത്തിന് നഷ്ടമുണ്ടാക്കി എന്ന കാരണത്തിന്മേൽ അക്കാലയളവിലെ തൃക്കരുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജേക്കബ് ക്ലീറ്റസിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ടും ടി നഷ്ടം പലിശ സഹിതം ടിയാനിൽ നിന്ന് ഈടാക്കാൻ നിർദ്ദേശം നൽകിക്കൊണ്ടും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ സമർപ്പിച്ച അപ്പീൽ ഹർജി സർക്കാർ നിരസിച്ചിരുന്നു. ഇതിനെതിരെ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ റിട്ട് ഹർജി നൽകുകയും, പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയ നിർദ്ദേശം ടിയാൻ അനുസരിക്കുക മാത്രമാണ് ചെയ്തതെന്നും ടിയാന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലെന്നും സർക്കാരിനെ അറിയിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി പാസ്സാക്കിയ പ്രമേയം കൂടി പരിഗണിച്ച്, ഇക്കാര്യം പുനഃപരിശോധിക്കാനും നിർദ്ദേശിച്ചുകൊണ്ട് ബഹു. ഹൈക്കോടതി ഈ ഹർജി തീർപ്പാക്കിയിരുന്നു. എന്നാൽ ഈ പുനഃപരിശോധനയിലും തീരുമാനം upheld ചെയ്തുകൊണ്ട് സർക്കാർ ഉത്തരവിട്ടു. ഇതിനെതിരെ ടിയാൻ വീണ്ടും ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ടി ഹർജി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന് കൈമാറി നല്കുകയും അതിന്മേൽ ബഹു. ട്രിബ്യൂണൽ തൃക്കരുവ പഞ്ചായത്ത് പാസ്സാക്കിയ പ്രമേയം കൂടി പരിഗണിച്ച് പഞ്ചായത്ത് പ്രതിനിധിയുടെ കൂടി സാന്നിധ്യത്തിൽ ടിയാനെ കേട്ട് 4 മാസത്തിനകം ഉചിതമായ തീരുമാനമെടുക്കാൻ സർക്കാരിന് നിർദ്ദേശം നല്കി ഹർജി തീർപ്പാക്കിയിരുന്നു. തുടർന്ന് ബഹു. കോടതി ഉത്തരവ് പ്രകാരം അപേക്ഷകനെയും തൃക്കരുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും നേരിൽ കേൾക്കുകയും വസ്തു വാങ്ങുന്നതിനായി അധികമായി തുക ചെലവഴിച്ചത് നിയമവിധേയമാണെന്ന് സ്ഥാപിക്കുന്നതിനുള്ള തെളിവുകളൊന്നും ലഭ്യമായിട്ടില്ലെന്നും നിലവിലുണ്ടായിരുന്ന നിയമങ്ങൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായും എന്നാൽ കമ്മിറ്റിയിൽ പങ്കെടുത്ത ഗ്രാമപഞ്ചായത്ത് സെക്രട്ടറി പഞ്ചായത്ത് രാജ് ആക്ട് വ്യവസ്ഥ ചെയ്യുന്നത് പ്രകാരം വിയോജിപ്പ് രേഖപ്പെടുത്തുകയോ ടി

തീരുമാനം പുനഃപരിശോധിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ആവശ്യപ്പെട്ടില്ലായെന്നും ആയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചില്ല എന്നുമാണ് 30.06.2006-ലെ സ.ഉ.(സാധാ)249/2006/തസ്വഭവ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്നത്. ശ്രീ. ജേക്കബ് ക്ലീറ്റസിനെതിരായ ടി ആരോപണം ഇപ്പോഴും നിലനിൽക്കുന്നതായി കാണുന്നു. അച്ചടക്കനടപടി തീർപ്പാക്കണമെന്നും അധികമായി ചെലവഴിച്ച തുക സാധൂകരണം നൽകണമെന്നുമുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ നിയമസാധുത സംബന്ധിച്ച് ഇക്കാര്യം വിശദമായി പരിശോധിക്കുകയും നിയമനാധികാരിയോ സർക്കാരോ കുറ്റാരോപിതനെതിരെ സ്വീകരിച്ച അച്ചടക്കനടപടി തീർപ്പാക്കുന്നതിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) റൂൾസിലെ നടപടിക്രമങ്ങൾ തന്നെയാണ് ബാധകമെന്നും ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ ശുപാർശക്ക് വിധേയമായി അച്ചടക്കനടപടി തീർപ്പാക്കുന്നതിന് സാധിക്കില്ലെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജേക്കബ് ക്ലീറ്റസിന്റെ അപ്പീൽ ഹർജി പരാമർശം (3) പ്രകാരം നിരസിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പുനഃപരിശോധിക്കണാവശ്യപ്പെട്ടാണ് ശ്രീ. ജേക്കബ് ക്ലീറ്റസ് പരാമർശം (4) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. The Kerala Panchayat Raj (Procedure to be adopted on Illegal Resolutions) Rules, 2003 പ്രകാരം ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളുന്ന നിയമപരമല്ലാത്ത തീരുമാനത്തിനെതിരെ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടില്ലാത്തതാണ്. അതുവഴി പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വന്നിട്ടുള്ളതും പ്രസ്തുത നഷ്ടം ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ ഉത്തരവായിട്ടുള്ളതുമാണ്. ഇതിനെതിരെയും പഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട് . 1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥന്മാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങളിലെ ചട്ടം 10-ൽ നിയമനാധികാരിയോ സർക്കാരോ ഉദ്യോഗസ്ഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുന്ന സംഗതിയിൽ, 1960-ലെ കേരള സിവിൽ സർവ്വീസ് (ക്ലാസിഫിക്കേഷൻ, കൺ ട്രോൾ & അപ്പീൽ) റൂൾസിലെ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടപ്രകാരമുള്ള പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിനെതിരെ സർക്കാർ മുമ്പാകെ ഫയൽ ചെയ്ത അപ്പീൽ നിരസിച്ച് തീർപ്പാക്കിയിട്ടുമുണ്ട്. മേൽ ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയുടെയും ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചിട്ടുള്ളതും 30.06.2006-ലെ സ.ഉ.(സാധാ)249/2006/തസ്വഭവ സർക്കാർ ഉത്തരവിൽ കണ്ടെത്തിയ വസ്തുതകൾ നിലനിൽക്കുന്നതാണെന്നു കണ്ടെത്തിയിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ശ്രീ. ജേക്കബ് ക്ലീറ്റസിന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞുകൊണ്ടും നഷ്ടം പലിശ സഹിതം ടിയാനിൽ നിന്ന് ഈടാക്കാൻ നിർദ്ദേശം നല്കിക്കൊണ്ടും പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കിയതിനെതിരെ സർക്കാരിൽ സമർപ്പിച്ച അപ്പീൽ തീർപ്പാക്കിയ നടപടി പനഃപരിശോധിക്കേണ്ടതില്ലെന്നു കണ്ട് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ജേക്കബ് ക്ലീറ്റസ്, മുൻ സെക്രട്ടറി, തൃക്കരുവ ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/213/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ